(ഡി) ജില്ലാ അടിസ്ഥാനത്തിൽ അനുവദിച്ച തുക:

ജില്ല	*തുക ലക്ഷത്തിൽ*
തിരുവനന്തപുരം	.. 627
കൊല്ലം	.. 450
പത്തനംതിട്ട	.. 400
ആലപ്പുഴ	.. 753
കോട്ടയം	.. 558
ഇടുക്കി	.. 601
എറണാകുളം	.. 385
തൃശ്ശൂർ	.. 540
പാലക്കാട്	.. 2027
മലപ്പുറം	.. 329
കോഴിക്കോട്	.. 295
വയനാട്	.. 1228
കണ്ണൂർ	.. 350
കാസറഗോഡ്	.. 362
ആകെ	.. 8905

ജില്ലാ അടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ പൂർണ്ണമായ വിവരം ലഭ്യമല്ല.

"കണ്ണൂർ ജില്ലയിൽ കൃഷി നഷ്ടപ്പെട്ടവർക്ക് ദുരിതാശ്വാസം"

43 [657] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ കണ്ണൂർ ജില്ലയിൽ ഉണ്ടായ ചുഴലിക്കാറ്റിലും മഴയിലും കർഷകർക്ക് കൃഷിനാശം സംഭവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി നിഷ്ടപ്പെട്ടവർക്ക് എന്തൊക്കെ ദുരിതാശ്വാസ നടപടികളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ;

(സി) ചെറുവാഞ്ചേരി പ്രദേശത്തെ പുവത്തൂരിലും മറ്റും ഇരുപതിനായിരത്തിൽപ്പരം വാഴകൾ ഒറ്റ ദിവസംതന്നെ നഷ്ടപ്പെട്ടിരിന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്ക് ധനസഹായം നൽകാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് കൃഷിനാശത്തിന് അർഹമായ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ തുക പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. ഈ കാര്യത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കൃഷി ഭവനുകളിൽ ലഭിച്ച അപേക്ഷയിന്മേൽ കൃഷി ഓഫീസർമാർ നടപടി സ്വീകരിക്കുന്നുണ്ട്.

"വടക്കാഞ്ചേരി മണ്ഡലത്തിലെ പ്രകൃതിക്ഷോഭം"

44 [658] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂൺ 5, 6 തീയതികളിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ പ്രദേശങ്ങളിൽ ശക്തമായ പ്രകൃതിക്ഷോഭത്തിൽ വൻതോതിൽ കൃഷിനാശവും വീടുകൾ തകർന്നിട്ടുള്ളതും, വസ്തുവകകൾക്ക് നാശം സംഭവിച്ചതും, ആളുകളുടെ മരണത്തിനിടയാക്കിയതുമായ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ജില്ലാ ഭരണാധികാരികളുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ഡി) കൃഷിനാശവും പാർപ്പിട നാശവും വസ്തുവകകളുടെ നാശവും സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നഷ്ടപരിഹാരം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളും പാലങ്ങളും പുനർ നിർമ്മിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കാലവർഷക്കെടുതികളിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ 4 പേർ മരിച്ചിട്ടുണ്ട്. 81 വീടുകൾക്ക് ഭാഗികമായി നാശനഷ്ടമുണ്ടായതിൽ 3.24 ലക്ഷവും 15 വീടുകൾക്ക് പൂർണ്ണ നാശനഷ്ടം ഉണ്ടായതിൽ 2.25 ലക്ഷവും കൃഷിനാശ മുണ്ടായതിൽ 4,76,578 രൂപയും നാശനഷ്ടം കണക്കാക്കുന്നു.

(സി) മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അടിയന്തിര ധനസഹായമായി 1,000 രൂപ അനുവദിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ആകെ 50,000 രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

(എഫ്) ജില്ലാ കളക്ടറിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന പക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly